**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **10-06-2024 - ൽ മറുപടിയ്ക്ക്**

**വർക്കല വെട്ടൂർ എഫ്.എച്ച്.സി.ക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വർക്കല മണ്ഡലത്തിലെ വെട്ടൂർ എഫ്.എച്ച്.സി.ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ ഒ.പി കെട്ടിടം പണിയുന്നതിന് 2019 ൽ 225 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി രണ്ടാം ഘട്ടത്തിൽ 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതം ആരോഗ്യ വകുപ്പ് ലഭ്യമാക്കിയ ശിപാർശയിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഒന്നാംഘട്ട നിർമ്മാണ പ്രവർത്തന ങ്ങളുടെയും രണ്ടാം ഘട്ടത്തിൽ ശിപാർശ ചെയ്തിട്ടുള്ള ഘടകങ്ങളുടെയും വിശദാംശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ